**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വാങ്ങാത്ത ഗുണഭോക്താക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri G R Anil (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ മുൻഗണന വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി, തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങളോ ഭക്ഷ്യക്കിറ്റോ വാങ്ങാത്ത കുടുംബങ്ങളെ കണ്ടെത്തി, നോട്ടീസ് നൽകി, അർഹത സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തി അനർഹരാണെന്നു കണ്ടെത്തുന്ന പക്ഷം മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും ഇപ്രകാരം പട്ടികയിലുണ്ടാകുന്ന ഒഴിവുകളിൽ അർഹരെന്നു കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ തുടർന്നു വരുന്നു. മതിയായ കാരണങ്ങളാലാണ് റേഷൻ വാങ്ങാത്തതെന്ന് ബോധ്യപ്പെടുന്ന കേസുകളിൽ അപ്രകാരമുള്ളവരുടെ മുൻഗണനാ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ